മലയാളം MALAYALAM مالايالم :

1448 മുഹററം 4 **(2026 ജൂൺ 19)** വെള്ളിയാഴ്ച ഖുതുബ

وَقَفَاتٌ مَعَ بِدَايَةِ الْعَامِ الْهِجْرِيِّ

ഹിജ്റ വർഷാരംഭവുമായി ബന്ധപ്പെട്ട ചില ചിന്തകൾ (വിലയിരുത്തലുകൾ).

الْحَمْدُ لِلَّهِ الْمَلِكِ الْقُدُّوسِ السَّلَامِ، مُجْرِي اللَّيَالِي وَالأَيَّامِ، وَمُجَدِّدِ الشُّهُورِ وَالأَعْوَامِ، وَأَشْهَدُ أَن لَّا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، جَعَلَ الشَّهْرَ المُحَرَّمَ فَاتِحَةَ شُهُورِ العَامِ، وَأَشْهَدُ أَنَّ نَبِيَّنَا مُحَمَّدًا عَبْدُ اللهِ وَرَسُولُهُ، سَيِّدُ الأَنَامِ، وَبَدْرُ التَّمَامِ، وَمِسْكُ الخِتَامِ، صَلَّى اللهُ وَسَلَّمَ وَبَارَكَ عَلَيْهِ وَعَلَى آلِهِ الكِرَامِ، وَصَحْبِهِ البَرَرَةِ الأَعْلَامِ، وَالتَّابِعِينَ لَهُمْ بِإِحْسَانٍ، مَا تَعَاقَبَ النُّورُ وَالظَّلَامُ.

സർവ്വാധിപനും പരിശുദ്ധനും രക്ഷകനും, രാപ്പകലുകളെ ഒഴുക്കിവിടുന്ന വനും, മാസങ്ങളെയും വർഷങ്ങളെയും പുതുക്കുന്നവനുമായ അല്ലാഹു വിനാണ് സർവ്വ സ്തുതിയും. ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹു അല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു; അവൻ മുഹററം മാസത്തെ വർഷത്തിലെ മാസങ്ങളുടെ തുടക്കമാക്കി നിശ്ചയിച്ചു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമാണെന്നും ഞാൻ സാ ക്ഷ്യം വഹിക്കുന്നു; അദ്ദേഹം സൃഷ്ടികളിൽ ഉത്തമനും, പൂർണ്ണചന്ദ്രനും, പ്രവാചകത്വത്തിന്റെ സമാപ്തിയുമാണ്. അല്ലാഹു അവിടുത്തെയും, അവിടുത്തെ ആദരണീ യരായ കുടുംബത്തെയും, സദ്വൃത്തരും പ്രഗത്ഭരുമായ അനുചരന്മാരെയും, വെളിച്ചവും ഇരുട്ടും മാറിമാറി വരുന്നതുവരെ അവരെ നന്മയിൽ പിന്തുടർന്നവരെയും അനുഗ്രഹിക്കുകയും അവർക്ക് സമാധാനവും ബർക്കത്തും പ്രധാനം ചെയ്യുകയും ചെയ്യട്ടെ.

أَمَّا بَعْدُ: فَأُوصِيكُمْ -عِبَادَ اللهِ- وَنَفْسِي بِتَقْوَى اللهِ؛ فَهِيَ أَرْبَحُ المَكَاسِبِ، وَأَجْزَلُ المَوَاهِبِ، وَأَسْمَى المَطَالِبِ؛

അല്ലാഹുവിന്റെ ദാസന്മാരേ, ഞാൻ എന്നോടും നിങ്ങളോടും അല്ലാഹു വെ സൂക്ഷിച്ചു ജീവിക്കാൻ (തഖ്‌വ ചെയ്യാൻ) വസ്വിയ്യത്ത് ചെയ്യുന്നു. കാരണം അത് ഏറ്റവും ലാഭകരമായ സമ്പാദ്യവും, ഏറ്റവും വലിയ സമ്മാനവും, ഏറ്റവും ഉന്നതമായ ലക്ഷ്യവുമാണ്.

{ وَمَنْ يُطِعِ اللَّهَ وَرَسُولَهُ وَيَخْشَ اللَّهَ وَيَتَّقْهِ فَأُولَئِكَ هُمُ الْفَائِزُونَ } [النور: 52]

"ആര് അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും, അല്ലാ ഹുവെ ഭയപ്പെടുകയും അവനോട് തഖ്‌വ കാണിക്കുകയും (സൂക്ഷ്മത പുലർത്തുകയും) ചെയ്യുന്നുവോ, അങ്ങനെയുള്ളവർ തന്നെയാണ് വിജയികൾ." *(സൂറത്തുന്നൂർ: 52)*

وَاعْلَمُوا أَنَّ خَيْرَ الحَدِيثِ كِتَابُ اللهِ، وَخَيْرَ الهَدْيِ هَدْيُ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ ، وَشَرَّ الأُمُورِ مُحْدَثَاتُهَا، وَكُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ.

"നിങ്ങൾ അറിയുക: തീർച്ചയായും സംസാരങ്ങളിൽ ഏറ്റവും ഉത്തമമായത് അല്ലാഹുവിന്റെ ഗ്രന്ഥമാണ് (ഖുർആൻ). മാർഗ്ഗദർശനങ്ങളിൽ ഏറ്റവും ഉത്തമമായത് മുഹമ്മദ് നബി ﷺ യുടെ മാർഗ്ഗദർശനവുമാണ്. കാര്യങ്ങളിൽ വെച്ച് ഏറ്റവും ചീത്തയായത് (ദീനിൽ പുതുതായി) നിർമ്മിക്കപ്പെട്ടവയാ ണ്. പുതുതായി നിർമ്മിക്കപ്പെട്ടവയെല്ലാം ബിദ്അത്തുകളാകുന്നു. എല്ലാ ബിദ്അത്തുകളും വഴികേടുമാണ്."

مَعَاشِرَ المُسْلِمِينَ: تَعِيشُ الأُمَّةُ الإِسْلَامِيَّةُ هَذِهِ الأَيَّامَ إِشْرَاقَةَ سَنَةٍ هِجْرِيَّةٍ جَدِيدَةٍ، بَعْدَ أَنْ أَفَلَتْ شَمْسُ عَامٍ مَضَى بِأَتْرَاحٍ وَأَفْرَاحٍ عَدِيدَةٍ، غَادَرَ وَهُوَ شَاهِدٌ عَلَى أَعْمَالِنَا، وَيَحْمِلُ مَعَهُ صَحَائِفَ أَخْبَارِنَا، فَمَا أَسْرَعَ مُرُورَ اللَّيَالِي وَالأَيَّامِ، وَتَصَرُّمَ الشُّهُورِ وَالأَعْوَامِ!! وَلَكِنَّ المُوَفَّقَ -رَعَاكُمُ اللهُ- مَنْ أَخَذَ مِنْ حَوَادِثِهَا الدُّرُوسَ وَالعِبَرَ، وَاسْتَلْهَمَ مِنْ وَقَائِعِهَا العِظَاتِ وَالنُّذُرَ، كَمَا قَالَ تَعَالَى:

മുസ്ലിം സമൂഹമേ:

ഇസ്ലാമിക ഉമ്മത്ത് ഈദിവസങ്ങളിൽ ഒരുപുതിയ ഹിജ്റ വർഷത്തി ന്റെ പ്രഭാതത്തിലാണ് ജീവിക്കുന്നത്. അനേകം സങ്കടങ്ങളും സന്തോഷങ്ങളു മായി കഴിഞ്ഞുപോയ ഒരു വർഷത്തിന്റെ സൂര്യൻ അസ്തമിച്ചതിന് ശേഷമാണിത്. അത് നമ്മുടെ കർമ്മങ്ങൾക്ക് സാക്ഷ്യം വഹിച്ചു കൊണ്ടും, നമ്മുടെ വാർത്തകളുടെ ഏടുകൾ പേറിക്കൊണ്ടുമാണ് കടന്നു പോയത്. രാപ്പകലുകളുടെ പോക്കും, മാസങ്ങളും വർഷങ്ങളും മുറി ഞ്ഞുപോകുന്നതും എത്ര വേഗത്തിലാണ്!! എന്നാൽ –അല്ലാഹു നിങ്ങളെ സംരക്ഷിക്കട്ടെ– കടന്നുപോയ സംഭവങ്ങളിൽ നിന്ന് പാഠങ്ങളും ഗുണ പാഠങ്ങളും ഉൾക്കൊള്ളുകയും, ഉണ്ടായ യാഥാർത്ഥ്യങ്ങളിൽ നിന്ന് ഉപ ദേശങ്ങളും മുന്നറിയിപ്പുകളും സ്വീകരിക്കുകയും ചെയ്തവനാണ് (അല്ലാഹുവിന്റെ) അനുഗ്രഹം ലഭിച്ചവൻ. അല്ലാഹു തആലാപറഞ്ഞ തുപോലെ:

{وَلَقَدْ جَاءَهُمْ مِنَ الْأَنْبَاءِ مَا فِيهِ مُزْدَجَرٌ } [القمر: 4].

"തീർച്ചയായും വിലക്കേർപ്പെടുത്താൻ (അഥവാ തിന്മയിൽ നിന്ന് പിന്തിരി യാൻ) ആവശ്യമായ വാർത്തകൾ അവർക്ക് വന്നുകഴിഞ്ഞിട്ടുണ്ട്." *(സൂറത്തുൽ ഖമർ: 4)*

أَيُّهَا المُؤْمِنُونَ: قَبْلَ أَرْبَعَةَ عَشَرَ قَرْنًا، وَقَعَتْ هِجْرَةُ سَيِّدِ الأَنْبِيَاءِ، وَخِيرَةِ الأَصْفِيَاءِ صَلَّى اللهُ عَلَيْهِ وَسَلَّمَ، الَّتِي أَضَاءَتْ بِنُورِهَا أَلْوَانَ المَهَابَةِ وَالجَمَالِ، وَأَوْضَحَتْ فِي طَيَّاتِهَا صُوَرَ العَظَمَةِ وَالجَلَالِ؛ حَتَّى غَدَتْ كَنْزًا نَبَوِيًّا ثَمِينًا، وَمِنْهَاجًا عَمَلِيًّا رَصِينًا، وَمَنْهَلًا تَارِيخِيًّا عَظِيمًا، يُعَزِّزُ فِي الأُمَّةِ السُّؤْدُدَ وَالمَهَابَةَ، وَيُلْهِمُ فِي أَجْيَالِهَا التَّوْفِيقَ لِلْإِصَابَةِ.

സത്യവിശ്വാസികളേ:

പതിനാല് നൂറ്റാണ്ടുകൾക്ക് മുൻപ്, പ്രവാചകന്മാരുടെ നേതാവും അല്ലാഹുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ഉത്തമ ദാസനുമായ മുഹമ്മദ് നബി ﷺ യുടെ ആ പുണ്യ ഹിജ്റ (പാലായനം) നടക്കുകയുണ്ടായി. ആ ഹിജ്റ അതിന്റെ പ്രകാശം കൊണ്ട് പ്രതാപത്തിന്റെയും സൗന്ദ ര്യത്തിന്റെയും വർണ്ണങ്ങളെ ജ്വലിപ്പിച്ചു. അതിന്റെ മടക്കുകളിൽ മഹത്വത്തിന്റെയും ഗാംഭീര്യത്തിന്റെയും ചിത്രങ്ങളെ അത് വ്യക്തമാ ക്കിക്കൊടുത്തു. അങ്ങനെ അത് വിലമതിക്കാനാവാത്ത ഒരു പ്രവാചക നിധിയായും, സുദൃഢമായ ഒരു പ്രായോഗിക മാതൃകയായും, ഉന്നതമാ യൊരു ചരിത്ര സ്രോതസ്സുകളായും മാറി. അത് ഇസ്‌ലാമിക സമൂഹ ത്തിൽ ഉന്നതിയും പ്രതാപവും ശക്തി പ്പെടുത്തുകയും, വരുംതലമുറകൾക്ക് ശരിയായവഴി കണ്ടെത്താനുള്ള പ്രേരണ നൽകുകയും ചെയ്യുന്നു.

وَاليَوْمَ نَسْتَحْضِرُ مَعَكُمْ حَادِثَةَ الهِجْرَةِ الغَرَّاءِ، وَمَا تَخَلَّلَهَا مِنْ مَوَاقِفِ البَذْلِ وَالعَطَاءِ، وَالتَّضْحِيَةِ وَالفِدَاءِ؛ لِنَسْتَقِيَ مِنْهَا المَعْنَى الحَقِيقِيَّ لِلصَّبْرِ وَالتَّعَاوُنِ وَالوَفَاءِ. فَبَعْدَ أَنْ أَفْتَمَّ رَسُولُنَا الأَمِينُ صَلَّى اللهُ عَلَيْهِ وَسَلَّمَ ثَلَاثَ عَشْرَةَ سَنَةً يَدْعُو قَوْمَهُ بِحِكْمَةٍ وَجَسَارَةٍ، مُنَوِّعًا خِطَابَهُ بِالنِّذَارَةِ وَالبِشَارَةِ، يَغْشَى مَجَالِسَهُمْ، وَيَأْتِي نَوَادِيَهُمْ، غَيْرَ مُبَالٍ بِمَا وَاجَهَهُ مِنْ شِدَّةٍ وَعَنَاءٍ، وَتَنَوُّعِ أَسَالِيبِ المَكْرِ وَالإِغْوَاءِ، وَالتَّطَاوُلِ عَلَيْهِ بِالسُّخْرِيَةِ وَالإِيذَاءِ، حَتَّى بَلَغَ بِهِمُ الأَمْرُ أَنْ تَآمَرُوا عَلَى قَتْلِهِ، وَتَمَالَؤُوا بِالسِّلَاحِ حَوْلَ بَيْتِهِ، فَأَنْجَى اللهُ خَلِيلَهُ مِنْ بَيْنِ أَيْدِيهِمْ، وَرَدَّ كَيْدَهُمْ فِي نُحُورِهِمْ؛

ഇന്ന് ഞങ്ങൾ നിങ്ങളോടൊപ്പം ആ ഉജ്ജ്വലമായ ഹിജ്റ സംഭവത്തെയും, അതിനിടയിൽ ഉണ്ടായ സമർപ്പണത്തിന്റെയും, ഔദാര്യത്തി ന്റെയും, ത്യാഗത്തിന്റെയും, ആത്മബലിയുടെയും നിമിഷങ്ങളെയും ഓർത്തെ ടുക്കുകയാണ്; ക്ഷമയുടെയും സഹകരണത്തിന്റെയും വിശ്വസ്തത യുടെയും യഥാർത്ഥ അർത്ഥം അതിൽ നിന്ന് നാം ഉൾക്കൊള്ളുന്നതിന് വേണ്ടി. നമ്മുടെ വിശ്വസ്തനായ റസൂൽ ﷺ പതിമൂന്ന് വർഷക്കാലം തന്റെ ജനതയെ യുക്തിയോടും ധീരതയോടും കൂടി അല്ലാഹുവിലേക്ക് ക്ഷണിച്ചു. താക്കീതുകളും സന്തോഷവാർത്തകളും നൽകിക്കൊണ്ട് അദ്ദേഹം തന്റെ പ്രബോധന ശൈലികളിൽ വൈവിധ്യം വരുത്തി. അവരുടെ സദസ്സുകളിലും ക്ലബ്ബുകളിലും അദ്ദേഹം കടന്നുചെന്നു; തനിക്ക് നേരിടേണ്ടി വന്ന പ്രയാസങ്ങളെയും കഷ്ടപ്പാടുകളെയും അദ്ദേഹം ഒട്ടും വകവെച്ചില്ല. ശത്രുക്കളുടെ ചതി യുടെയും ദുർമാർഗ്ഗത്തിന്റെയും പലവിധ തന്ത്രങ്ങളെയും, തനിക്കെ തിരെയുള്ള പരിഹാസങ്ങളെയും മർദ്ദനങ്ങളെയും അദ്ദേഹം നേരിട്ടു. ഒടുവിൽ, പ്രവാചകനെ വധിക്കാൻ അവർ ഗൂഢാ ലോചന നടത്തുകയും ആയുധങ്ങളുമായി അദ്ദേഹത്തിന്റെ വീടിന് ചുറ്റും ഒത്തുകൂടുകയും ചെയ്യുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നു. അപ്പോൾ അല്ലാഹു തന്റെ പ്രിയപ്പെട്ട ദൂതനെ അവരുടെ കൈകളിൽ നിന്ന് രക്ഷപ്പെടുത്തുകയും അവരുടെ തന്ത്രങ്ങളെ അവരുടെ കഴുത്തുകളിലേക്ക് തന്നെ തിരിച്ചുവെക്കുകയും ചെയ്തു (അവരുടെ തന്ത്രങ്ങളെ തകർത്തു കളഞ്ഞു).

{وَإِذْ يَمْكُرُ بِكَ الَّذِينَ كَفَرُوا لِيُثْبِتُوكَ أَوْ يَقْتُلُوكَ أَوْ يُخْرِجُوكَ وَيَمْكُرُونَ وَيَمْكُرُ اللَّهُ وَاللَّهُ خَيْرُ الْمَاكِرِينَ} [الأنفال: 30].

"നിന്നെ തടവിലാക്കുകയോ വധിക്കുകയോ നാട്ടിൽ നിന്ന് പുറത്താക്കുക യോ ചെയ്യാൻ വേണ്ടി ആ സത്യനിഷേധികൾ നിനക്കെതിരെ തന്ത്രം പ്രയോ ഗിച്ചിരുന്ന

സന്ദർഭം (ഓർക്കുക). അവർ തന്ത്രം പ്രയോഗിക്കുന്നു; അല്ലാഹു വും തന്ത്രം പ്രയോഗിക്കുന്നു. തന്ത്രം പ്രയോഗിക്കുന്നവരിൽ ഏറ്റവും മികച്ചവൻ അല്ലാഹുവാകുന്നു." *(സൂറത്തുൽ അൻഫാൽ: 30)*

فَلَمَّا اسْتَحْكَمَ هَذَا البَلَاءُ، وَاشْتَدَّ عَلَى أَهْلِ الإِيمَانِ العَنَاءُ، أَذِنَ اللهُ جَلَّ جَلَالُهُ لِنَبِيِّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ بِالهِجْرَةِ إِلَى المَدِينَةِ المُشَرَّفَةِ؛ لِيُقِيمَ فِيهَا بَيْنَ ظَهْرَانَيِ المُؤْمِنِينَ، وَيَكُونَ فِي مَأْمَنٍ مِنْ تَرَبُّصِ المُشْرِكِينَ، وَيَنْشُرَ دِينَهُ الَّذِي ارْتَضَاهُ لَهُ رَبُّ العَالَمِينَ. فَكَانَتْ هِجْرَتُهُ بَارِقَةَ الأَمَلِ، وَفَاتِحَةَ النَّصْرِ، وَخَرِيطَةَ عَوْدَةِ الصَّحَابَةِ المُهَاجِرِينَ إِلَى مَكَّةَ فَاتِحِينَ ظَافِرِينَ، قَالَ تَعَالَى:

അങ്ങനെ ഈ പരീക്ഷണം പൂർണ്ണമാവുകയും, സത്യവിശ്വാസികൾക്ക് പ്രയാസങ്ങൾ കഠിനമാവുകയും ചെയ്തപ്പോൾ, അല്ലാഹു ജല്ലജലാലുഹു തന്റെ പ്രവാചകൻ ﷺ ക്ക് മദീനത്തുൽ മുനവ്വറയിലേക്ക് ഹിജ്റ പോകാൻ അനുവാദം നൽകി; വിശ്വാസികൾക്കിടയിൽ അവിടെ താമസിക്കുന്നതിനും, മുശ്രിക്കുകളുടെ (ബഹുദൈവാരാധകരുടെ) ചതിക്കുഴികളിൽ നിന്ന് സുരക്ഷിതനാകുന്നതിനും, ലോകരക്ഷിതാവ് തനിക്ക് തൃപ്തിപ്പെട്ടു നൽകിയ മതം അവിടെ പ്രചരിപ്പിക്കുന്നതിനും വേണ്ടി. അങ്ങനെ അവിടുത്തെ ഹിജ്റ പ്രതീക്ഷയുടെ മിന്നലാട്ടവും, വിജയത്തിന്റെ തുടക്കവും, പിന്നീട് മുഹാജിറുകളായ സ്വഹാബികൾ മക്കയിലേക്ക് ജേതാക്കളായി കടന്നു വരുന്നതിനുള്ള വിജയരേഖയുമായി മാറി. അല്ലാഹുതആലാ അരുളി ചെയ്തിരിക്കുന്നു:

{إِنَّ الَّذِي فَرَضَ عَلَيْكَ الْقُرْآنَ لَرَادُّكَ إِلَى مَعَادٍ} [القصص: 85].

"തീർച്ചയായും നിനക്ക് ഖുർആൻ നിർബന്ധമാക്കിത്തന്നവൻ നിന്നെ മടങ്ങി വരേണ്ട കേന്ദ്രത്തിലേക്ക് (മക്കയിലേക്ക്) തന്നെ തിരിച്ചുകൊണ്ടുവരുന്നവ നാണ്." *(സൂറത്തുൽ ഖസ്വസ്: 85)*

فَأَعَزَّ اللهُ بِهِجْرَتِهِ الإِسْلَامَ، وَانْقَضَى عَهْدٌ مِنَ الشَّقَاءِ وَالآلَامِ، وَكَانَتِ الهِجْرَةُ فَيْصَلًا بَيْنَ أَنْوَارِ الحَقِّ وَوَحْشَةِ الشِّرْكِ وَالظَّلَامِ، وَدَالَتْ بَعْدَهَا الدَّوْلَةُ لِلْإِسْلَامِ؛

അങ്ങനെ തന്റെ ദൂതന്റെ ഹിജ്റ വഴി അല്ലാഹു ഇസ്ലാമിന് പ്രതാപം നൽകി. കഷ്ടപ്പാടുകളുടെയും വേദനകളുടെയും ഒരു കാലഘട്ടം അതോടെ അവസാനിച്ചു. സത്യത്തിന്റെ വെളിച്ചത്തിനും ശിർക്കിന്റെയും ഇരുട്ടിന്റെയും ഭീകരതയ്ക്കുമിടയിലുള്ള ഒരു വേർതിരിവായിരുന്നു ആ ഹിജ്റ. അതിന് ശേഷം ഇസ്ലാമിന്റെ ഭരണം സ്ഥാപിതമായി;

{وَقُلْ جَاءَ الْحَقُّ وَزَهَقَ الْبَاطِلُ إِنَّ الْبَاطِلَ كَانَ زَهُوقًا} [الإسراء: 81].

"നീ പറയുക: സത്യം വന്നെത്തിക്കഴിഞ്ഞു, അസത്യം തകർന്നുപോയിരി ക്കുന്നു. തീർച്ചയായും അസത്യം തകരുന്നതുതന്നെയാകുന്നു." *(ഇസ്രാഅ്: 81)*

أَيُّهَا المُوَحِّدُونَ: إِنَّ المُتَأَمِّلَ فِي حَادِثَةِ الهِجْرَةِ النَّبَوِيَّةِ، وَمَا فِيهَا مِنَ الهِدَايَاتِ الشَّرْعِيَّةِ وَالمُعْجِزَاتِ الكَوْنِيَّةِ؛ لَيُدْرِكُ جَلِيًّا أَنَّ العِزَّةَ وَالتَّمْكِينَ لَا يَتَأَتَّيَانِ إِلَّا بِالتَّوْحِيدِ وَاليَقِينِ، وَالهِجْرَةِ إِلَى رَبِّ العَالَمِينَ، وَالْتِزَامِ هَدْيِ رَسُولِهِ الأَمِينِ، كَمَا قَالَ رَبُّنَا فِي كِتَابِهِ:

തൗഹീദിന്റെ വക്താക്കളേ (മുസ്‌ലിംകളേ):

പ്രവാചകന്റെ ഹിജ്റ സംഭവത്തെയും അതിലടങ്ങിയിരിക്കുന്ന ശരീഅ ത്തിന്റെ മാർഗ്ഗദർശനങ്ങളെയും പ്രപഞ്ച അത്ഭുതങ്ങളെയും കുറിച്ച് ചി ന്തിക്കുന്ന ഒരാൾക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും; പ്രതാപവും സ്വാധീനവും തൗഹീദ് കൊണ്ടും അടിയുറച്ച വിശ്വാസം കൊണ്ടും, ലോകര ക്ഷിതാവിലേക്ക് പലായനം ചെയ്യുന്നത് കൊണ്ടും, അവന്റെ വിശ്വസ്തനാ യ ദൂതന്റെ ചര്യ മുറുകെപ്പിടിക്കുന്നത് കൊണ്ടും മാത്രമാണ് ഉണ്ടാകുന്നത് എന്ന്. നമ്മുടെ രക്ഷിതാവ് തന്റെ ഗ്രന്ഥത്തിൽ പറഞ്ഞതു പോലെ:

{فَفِرُّوا إِلَى اللَّهِ إِنِّي لَكُمْ مِنْهُ نَذِيرٌ مُبِينٌ} [الذاريات: 50].

"അതിനാൽ നിങ്ങൾ അല്ലാഹുവിലേക്ക് ഓടിപ്പോയ്ക്കൊള്ളുക (അവനിലേ ക്ക് മടങ്ങുക). തീർച്ചയായും ഞാൻ നിങ്ങൾക്ക് അവന്റെ പക്കൽ നിന്നുള്ള വ്യക്തമായ മുന്നറിയിപ്പുകാരനാകുന്നു." *(സൂറത്തുദ്ദാരിയാത്: 50)*

فَالهِجْرَةُ هِجْرَتَانِ: هِجْرَةٌ بَدَنِيَّةٌ؛ مِنْ بِلَادِ الشِّرْكِ إِلَى بِلَادِ الإِسْلَامِ، وَذَلِكَ عِنْدَ العَجْزِ عَنْ عِبَادَةِ الرَّبِّ المَلِكِ العَلَّامِ، وَتَعَذُّرِ إِقَامَةِ الشَّعَائِرِ مِنْ صَلَاةٍ وَزَكَاةٍ وَصِيَامٍ، فَيَضْطَرُّ المُؤْمِنُ حِينَئِذٍ لِلْهِجْرَةِ فِرَارًا بِدِينِهِ، وَحِفَاظًا عَلَى إِيمَانِهِ وَيَقِينِهِ؛ قَالَ تَعَالَى:

ഹിജ്റ എന്നാൽ രണ്ട് തരത്തിലുണ്ട്: ഒന്ന്, ശാരീരികമായ ഹിജ്റ (പാലായനം); അതായത് ശിർക്കിന്റെ നാട്ടിൽ നിന്ന് ഇസ്‌ലാമിന്റെ നാട്ടിലേക്ക് മാറുന്നത്. എല്ലാമറിയുന്ന സർവ്വാധിപനായ രക്ഷിതാവിനെ ഇബാദത്ത് (ആരാധന) ചെയ്യുന്നതിൽ അശക്തനാവുകയും, നിസ്കാരം, സക്കാത്ത്, നോമ്പ് തുടങ്ങിയ ദീനിന്റെ അടയാളങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ, ആ സാഹചര്യത്തിൽ ഒരു മുഅ്മിൻ തന്റെ ദീനുമായി ഓടി രക്ഷപ്പെടാനും, തന്റെ ഈമാനും യഖീനും സംരക്ഷി ക്കാനും വേണ്ടി ഹിജ്റ പോകാൻ നിർബന്ധിതനാകുന്നു. അല്ലാഹു തആലാ അരുളിചെയ്തു:

{وَمَنْ يَخْرُجْ مِنْ بَيْتِهِ مُهَاجِرًا إِلَى اللَّهِ وَرَسُولِهِ ثُمَّ يُدْرِكْهُ الْمَوْتُ فَقَدْ وَقَعَ أَجْرُهُ عَلَى اللَّهِ وَكَانَ اللَّهُ غَفُورًا رَحِيمًا} [النساء: 100].

"ആരെങ്കിലും സ്വന്തം വീട്ടിൽ നിന്ന് അല്ലാഹുവിലേക്കും അവന്റെ ദൂതനി ലേക്കും ഹിജ്റ പോയിക്കൊണ്ട് പുറപ്പെടുകയും, പിന്നീട് (വഴിയിൽ വെച്ച്) മരണമവനെ പിടികൂടുകയും ചെയ്താൽ അവനുള്ള പ്രതിഫലം അല്ലാഹുവിങ്കൽ ഉറപ്പായിക്കഴിഞ്ഞു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു." *(സൂറത്തുന്നിസാഅ്: 100)*

وَهِجْرَةٌ قَلْبِيَّةٌ، وَتَكُونُ إِلَى اللهِ جَلَّ جَلَالُهُ بِتَوْحِيدِهِ، وَابْتِغَاءِ مَرْضَاتِهِ، وَالبُعْدِ عَنْ مَعَاصِيهِ وَمُسْخِطَاتِهِ، وَالْتِزَامِ شَرَائِعِهِ وَوَاجِبَاتِهِ، فَقَدْ قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ:

രണ്ടാമത്തേത് ഹൃദയം കൊണ്ടുള്ള ഹിജ്റയാണ്; അത് അല്ലാഹുവെ ഏകനാക്കിക്കൊണ്ടും, അവന്റെ പ്രീതി മാത്രം ആഗ്രഹിച്ചുകൊണ്ടും, അവന്റെ ദാക്ഷിണ്യത്തിന് പുറത്തുള്ള തിന്മകളിൽ നിന്നും അവന് കോപമുണ്ടാക്കുന്ന കാര്യങ്ങളിൽ നിന്നും അകന്നു നിന്നുകൊണ്ടും, അവന്റെ നിയമങ്ങളും നിർബന്ധ ബാധ്യതകളും അനുസരിച്ചുകൊണ്ടും അല്ലാഹു ജല്ലജലാലുഹുവിലേക്ക് മാത്രമായി മാറുന്നതാണ്. തീർച്ചയായും നബി ﷺ അരുളിചെയ്തിരിക്കുന്നു:

»الْمُهَاجِرُ مَنْ هَجَرَ مَا نَهَى اللهُ عَنْهُ» [أَخْرَجَهُ البُخَارِيُّ مِنْ حَدِيثِ عَبْدِ اللهِ بْنِ عَمْرٍو رضي الله عنهما].

"അല്ലാഹു വിലക്കിയ കാര്യങ്ങളെ വെടിഞ്ഞുമാറിയവനാണ് യഥാർത്ഥ മുഹാജിർ (പാലായനം ചെയ്തവൻ)." *(അബ്ദുള്ളാഹിബ്നു അംറ് റളിയള്ളാഹു അൻഹുമാ നിവേദനം ചെയ്തത്, ഇമാം ബുഖാരി ഉദ്ധരിച്ചത്)*

وَهَذِهِ الهِجْرَةُ أَسَاسٌ فِي صِحَّةِ الإِيمَانِ وَسَلَامَةِ نَوَاتِهِ، وَهِيَ وَاجِبَةٌ عَلَى المُسْلِمِ طَوَالَ حَيَاتِهِ، لَا يَتْرُكُهَا إِلَى حِينِ مَمَاتِهِ. وَلِهَذَا عَظُمَ شَأْنُ الهِجْرَةِ فِي نُفُوسِ الصَّحَابَةِ الكِرَامِ، وَاجْتَهَدُوا فِي إِظْهَارِ فَضْلِهَا وَإِبْرَازِ حُكْمِهَا عَلَى الأَنَامِ، فَجَعَلُوهَا المَرْجِعَ فِي التَّأْرِيخِ لِبِدَايَةِ كُلِّ عَامٍ؛ وَالتَّوْقِيتَ المُعْتَمَدَ لِحِسَابِ الشُّهُورِ وَالأَيَّامِ؛ اعْتِزَازًا بِتَارِيخِ الأُمَّةِ وَمَجْدِ حَضَارَتِهَا، وَاسْتِرْجَاعًا لِكِفَاحِهَا وَشَرَفِ قَضِيَّتِهَا، وَتَرْسِيخًا لِاسْتِقْلَالِهَا وَعَدَمِ تَبَعِيَّتِهَا.

ഈ ഒരു (ഹൃദയത്തിന്റെ) ഹിജ്റ എന്നത് ഈമാൻ ശരിയാകുന്നതിനും അതിന്റെ ശുദ്ധിക്കും അടിസ്ഥാനപരമായ കാര്യമാണ്. ഒരു മുസ്‌ലിമിന് തന്റെ ജീവിതകാലം മുഴുവൻ ഇത് നിർബന്ധമാണ്, മരണം വരെ അവൻ ഇത് ഉപേക്ഷിക്കാൻ പാടില്ല. അതുകൊണ്ടാണ് ആദരണീയരായ സ്വഹാബി കളുടെ മനസ്സിൽ ഹിജ്റയുടെ സ്ഥാനം ഇത്രയധികം വലുതായത്. അവർ അതിന്റെ ശ്രേഷ്ഠത വെളിപ്പെടുത്താനും ജനങ്ങൾക്ക് അതിന്റെ പ്രാധാന്യം കാണിച്ചുകൊടുക്കാനും കഠിനമായി ശ്രമിച്ചു. അങ്ങനെ അവർ അതിനെ ഓരോ വർഷത്തിന്റെയും തുടക്കം കുറിക്കുന്ന ചരിത്ര അവലംബമാക്കി മാറ്റി; മാസങ്ങളും ദിവസങ്ങളും കണക്കാക്കുന്നതിനുള്ള അംഗീകൃത കലണ്ടറാക്കി നിശ്ചയിച്ചു. ഇസ്‌ലാമിക സമൂഹത്തിന്റെ ചരിത്രത്തിലും അതിന്റെ സംസ്കാരത്തിന്റെ പ്രതാപത്തിലും അഭിമാനം കൊള്ളുന്ന തിനും, അതിന്റെ പോരാട്ടങ്ങളെയും ആദരണീയമായ ലക്ഷ്യങ്ങളെയും ഓർമ്മിക്കുന്നതിനും, മുസ്ലിം സമൂഹത്തിന്റെ സ്വാതന്ത്ര്യം ഉറപ്പിച്ചു നിർത്തുന്നതിനും മറ്റുള്ളവരെ അന്ധമായി അനുകരിക്കാതിരിക്കുന്നതിനും വേണ്ടിയാണ് അവർ ഇത് ചെയ്തത്.

فَجَدِّدُوا -عِبَادَ اللهِ- فِي بِدَايَةِ هَذَا العَامِ تَوْبَتَكُمْ، وَتَزَوَّدُوا مِنَ الصَّالِحَاتِ فِي الهِجْرَةِ إِلَى رَبِّكُمْ، وَأَبْشِرُوا بِالعَاقِبَةِ الحَمِيدَةِ، وَالسَّعَادَةِ الأَكِيدَةِ، وَالغَنَائِمِ العَدِيدَةِ. فَوَالَّذِي بَعَثَ مُحَمَّدًا صَلَّى اللهُ عَلَيْهِ وَسَلَّمَ بِالحَقِّ؛ مَا اسْتَقَامَ حَالُ المُسْلِمِ إِلَّا بِقِيَامِهِ بِالدِّينِ، وَلَا نَالَ العِزَّةَ وَالكَرَامَةَ إِلَّا بِرُجُوعِهِ إِلَى رَبِّ العَالَمِينَ، وَسَيْرِهِ عَلَى مِنْهَاجِ الأَنْبِيَاءِ وَالمُرْسَلِينَ. يَقُولُ أَمِيرُ المُؤْمِنِينَ عُمَرُ بْنُ الْخَطَّابِ رَضِيَ اللهُ عَنْهُ:

അതിനാൽ അല്ലാഹുവിന്റെ ദാസന്മാരേ, ഈ വർഷത്തിന്റെ തുടക്കത്തിൽ നിങ്ങളുടെ തൗബയെ (പശ്ചാത്താപത്തെ) നിങ്ങൾ പുതുക്കുക. നിങ്ങളുടെ രക്ഷിതാവിലേക്കുള്ള ഹിജ്റയിൽ നല്ല കർമ്മങ്ങളാകുന്ന പാഥേയം നിങ്ങൾ ഒരുക്കുക. നല്ലൊരു പരിസമാപ്തിയെക്കുറിച്ചും, ഉറപ്പായ സന്തോഷത്തെ ക്കുറിച്ചും, അനേകം പ്രതിഫലങ്ങളെക്കുറിച്ചും നിങ്ങൾ സന്തോഷവാർത്ത അറിയിക്കുക. മുഹമ്മദ് നബി ﷺ യെ സത്യവുമായി നിയോഗിച്ചവൻ തന്നെ യാണ് സത്യം; ഒരു മുസ്‌ലിമിന്റെ ജീവിത സാഹചര്യം ശരിയാകുന്നത് അവൻ ദീൻ അനുസരിച്ച് ജീവിക്കുമ്പോൾ മാത്രമാണ്. അവൻ ലോകരക്ഷി താവിലേക്ക് മടങ്ങുകയും, പ്രവാചകന്മാരുടെയും ദൂതന്മാരുടെയും മാർഗ്ഗ ത്തിലൂടെ സഞ്ചരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അവന് പ്രതാപവും ആദരവും ലഭിക്കുക. അമീറുൽ മുഅ്മിനീൻ ഉമറുബ്നുൽ ഖത്താബ് (റ) ഇപ്രകാരം പറയുകയുണ്ടായി:

«إِنَّا قَوْمٌ أَعَزَّنَا اللَّهُ بِالإِسْلَامِ، فَمَهْمَا نَطْلُبِ العِزَّةَ بِغَيْرِ مَا أَعَزَّنَا اللَّهُ بِهِ أَذَلَّنَا اللَّهُ» [أَخْرَجَهُ الحَاكِمُ فِي مُسْتَدْرَكِهِ، وَصَحَّحَهُ الأَلْبَانِيُّ].

"തീർച്ചയായും നമ്മൾ അല്ലാഹു ഇസ്‌ലാം കൊണ്ട് പ്രതാപം നൽകിയ ഒരു ജനതയാണ്. അല്ലാഹു നമുക്ക് പ്രതാപം നൽകിയ ഇതല്ലാത്ത മറ്റൊന്നിൽ നമ്മൾ പ്രതാപം അന്വേഷിക്കുകയാണെങ്കിൽ അല്ലാഹു നമ്മെ നിന്ദ്യരാക്കുക തന്നെ ചെയ്യും." *(ഇമാം ഹാകിം മുസ്തദ്റകിൽ ഉദ്ധരിച്ചത്, അൽബാനി സ്വഹീഹാക്കിയത്)*

اللَّهُمَّ اجْعَلْ خَيْرَ أَعْمَالِنَا خَوَاتِمَهَا، وَخَيْرَ أَعْمَارِنَا أَوَاخِرَهَا، وَخَيْرَ أَيَّامِنَا يَوْمَ نَلْقَاكَ، إِنَّكَ خَيْرُ مَسْؤُولٍ، وَأَكْرَمُ مَأْمُولٍ. بَارَكَ اللهُ لِي وَلَكُمْ فِي الْقُرْآنِ الْعَظِيمِ، وَنَفَعَنِي وَإِيَّاكُمْ بِمَا فِيهِ مِنَ الْآيَاتِ وَالذِّكْرِ الْحَكِيمِ، أَقُولُ قَوْلِي هَذَا، وَأَسْتَغْفِرُ اللهَ لِي وَلَكُمْ مِنْ كُلِّ ذَنْبٍ، وَأَتُوبُ إِلَيْهِ؛ إِنَّهُ هُوَ الْغَفُورُ الرَّحِيمُ.

അല്ലാഹുവേ, ഞങ്ങളുടെ കർമ്മങ്ങളിൽ ഏറ്റവും ഉത്തമമായത് അതിന്റെ അവസാനത്തെ കർമ്മമാക്കേണമേ, ഞങ്ങളുടെ ആയുസ്സിൽ ഏറ്റവും ഉത്തമ മായത് അതിന്റെ അവസാന നാളുകളാക്കേണമേ, ഞങ്ങളുടെ ദിവ സങ്ങളി ൽ ഏറ്റവും ഉത്തമമായത് നിന്നെ കണ്ടുമുട്ടുന്ന ദിവസമാക്കേണമേ. തീർച്ച യായും നീ ചോദിക്കപ്പെടുന്നവരിൽ ഏറ്റവും ഉത്തമനും പ്രതീക്ഷിക്കപ്പെടു ന്നവരിൽ ഏറ്റവും ഉദാരനുമാണ്. മഹത്തരമായ ഖുർആൻ കൊണ്ട് അല്ലാ ഹു എനിക്കും നിങ്ങൾക്കും ബർക്കത്ത് ചെയ്യട്ടെ. അതിലെ സൂക്തങ്ങളും യുക്തിഭദ്രമായ ഓർമ്മപ്പെടുത്തലുകളും കൊണ്ട് എനിക്കും നിങ്ങൾക്കും അവൻ ഉപകാരം ചെയ്യട്ടെ. ഞാൻ ഈ പറയുന്നതു പറയുകയും എനിക്കും നിങ്ങൾക്കും വേണ്ടിയുള്ള പാപമോചനത്തിനായി എല്ലാ തിന്മകളിൽ നിന്നും അല്ലാഹുവോട് പ്രാർത്ഥിക്കുകയും അവനിലേക്ക് മടങ്ങുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധി യുമാണ്.

الخطبة الثانية (രണ്ടാം ഖുതുബ)

ഹംദും സ്വലാത്തും (അല്ലാഹുവിനെ സ്തുതിക്കലും പ്രവാചക കീർത്തനവും)

الحَمْدُ للهِ عَلَى صَلَاحِ الحَالِ، وَحُسْنِ العَوَاقِبِ، وَأَشْهَدُ أَن لَّا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ؛ عَلَى أَمْرِهِ غَالِبٌ، وَأَشْهَدُ أَنَّ نَبِيَّنَا وَسَيِّدَنَا مُحَمَّدًا عَبْدُهُ وَرَسُولُهُ، المُجْتَبَى بِأَشْرَفِ المَنَاقِبِ، صَلَّى اللهُ عَلَيْهِ وَعَلَى آلِهِ وَصَحْبِهِ المُرْتَقِينَ لِأَعْلَى المَنَازِلِ وَالمَرَاتِبِ، وَسَلَّمَ تَسْلِيمًا كَثِيرًا.

സാഹചര്യങ്ങളുടെ നന്മയ്ക്കും ഉത്തമമായ പരിസമാപ്തിക്കും അല്ലാഹുവിനാണ് സർവ്വ സ്തുതിയും. ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാ ഹു അല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു; അവൻ തന്റെ കാര്യങ്ങളിൽ സർവ്വാധിപനാണ്. നമ്മുടെ പ്രവാചകനും നേതാവുമായ മുഹമ്മദ് നബി ﷺ അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു; ഏറ്റവും ശ്രേഷ്ഠമായ ഗുണവിശേഷങ്ങൾ നൽകി തിരഞ്ഞെടുക്കപ്പെട്ടവരാണദ്ദേഹം. അല്ലാഹു അവിടുത്തെയും, ഉന്നതമായ പദവികളിലേക്കും സ്ഥാനങ്ങളിലേക്കും ഉയർന്നവരായ അവിടുത്തെ കുടുംബത്തെയും അനുചരന്മാരെയും അനുഗ്രഹിക്കുകയും അവർക്ക് ധാരാളമായി സമാധാനം പ്രധാനം ചെയ്യുകയും ചെയ്യട്ടെ.

أَمَّا بَعْدُ: فَاتَّقُوا اللهَ -عِبَادَ اللهِ-، فَإِنَّ تَقْوَى اللهِ سَبَبُ نَصْرِكُمْ، وَعِصْمَةُ أَمْرِكُمْ، وَتَاجُ عِزِّكُمْ، وَرَمْزُ قُوَّتِكُمْ.

ശേഷമായി: അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുക (തഖ്‌വ ചെയ്യുക). കാരണം അല്ലാഹുവെ സൂക്ഷിക്കുക എന്നത് നിങ്ങളുടെ വിജയത്തിന്റെ കാരണവും, നിങ്ങളുടെ കാര്യങ്ങളുടെ സംരക്ഷണവും, നിങ്ങളുടെ പ്രതാപത്തിന്റെ കിരീടവും, നിങ്ങളുടെ ശക്തിയുടെ പ്രതീകവുമാണ്.

ആശൂറാഅ് ദിനത്തിന്റെ ചരിത്രവും ഗുണപാഠവും

عِبَادَ اللهِ المُؤْمِنِينَ:

وَإِنَّ مِنَ الوَقَائِعِ الَّتِي نَسْتَحْضِرُهَا فِي بِدَايَةِ العَامِ، وَنَسْتَذْكِرُ دُرُوسَهَا البَلِيغَةَ عَلَى الدَّوَامِ؛ نُصْرَةَ اللهِ لِأَوْلِيَائِهِ، وَانْتِقَامَهُ مِنْ أَعْدَائِهِ. إِنَّهُ الحَدَثُ العَظِيمُ الجَلَلُ، الخَالِدُ عَلَى مَرِّ الأَعْصَارِ وَتَعَاقُبِ الدُّوَلِ؛ حِينَمَا أَظْهَرَ اللهُ رَسُولَهُ العَظِيمَ مُوسَى بْنَ عِمْرَانَ الكَلِيمَ عَلَيْهِ السَّلَامُ، وَأَغْرَقَ الطَّاغِيَةَ فِرْعَوْنَ، وَدَحَرَ جَيْشَهُ، وَنَجَّى بَنِي إِسْرَائِيلَ، وَفَلَقَ لَهُمُ البَحْرَ؛ فَبَعْدَ أَنْ كَانُوا مُسْتَعْبَدِينَ مُسْتَضْعَفِينَ، أُعْقِبُوا بِالظَّفَرِ وَالأَمَانِ وَالتَّمْكِينِ؛ لِنَعْلَمَ أَنَّ التَّسَلُّطَ وَالأَذَى وَالظُّلْمَ، مَهْمَا اشْتَدَّ وَطَالَ، فَإِنَّ نُصْرَةَ اللهِ لِأَوْلِيَائِهِ هِيَ العَاقِبَةُ وَالمَآلُ، وَيَا لَهَا مِنْ عِبْرَةٍ لِكُلِّ مَنْ سَارَ عَلَى دَرْبِ الطُّغَاةِ الظَّالِمِينَ، بِأَنَّ وَعِيدَ اللهِ سَيَلْحَقُهُ وَلَوْ بَعْدَ حِينٍ. فَوَاقِعَةُ الهِجْرَةِ وَيَوْمُ عَاشُورَاءَ تُعَدَّانِ مِنْ أَيَّامِ النَّصْرِ الخَالِدَةِ، أَلَا فَلْتَقَرَّ بِذَلِكَ أَعْيُنُ أَهْلِ الإِيمَانِ، وَلْيَنْزَجِرِ الطُّغَاةُ وَدُعَاةُ البَاطِلِ عَنْ غَيِّهِمْ قَبْلَ فَوَاتِ الأَوَانِ؛

സത്യവിശ്വാസികളായ അല്ലാഹുവിന്റെ ദാസന്മാരേ:

ഈ വർഷത്തിന്റെ തുടക്കത്തിൽ നാം ഓർത്തെടുക്കേണ്ടതും, അതിന്റെ ഗൗരവമേറിയ പാഠങ്ങൾ എപ്പോഴും സ്മരിക്കേണ്ടതുമായ സംഭവങ്ങളിൽ

ഒന്നാണ് അല്ലാഹു തന്റെ ഔലിയാക്കളെ (ഇഷ്ടദാസന്മാരെ) സഹായിച്ചതും അവന്റെ ശത്രുക്കളോട് പ്രതികാരം ചെയ്തതും. കാലങ്ങൾ കടന്നുപോയാ ലും ഭരണകൂടങ്ങൾ മാറിമറിഞ്ഞാലും ശാശ്വതമായി നിലനിൽക്കുന്ന മഹ ത്തായ ഒരു സംഭവമാണത്; അല്ലാഹു തന്റെ മഹാനായ ദൂതൻ മൂസാ ബിൻ ഇംറാൻ (അ) മിന് വിജയം നൽകുകയും, അക്രമിയായ ഫിർഔനെ മുക്കിത്താഴ്ത്തുകയും, അവന്റെ സൈന്യത്തെ തകർക്കുകയും, ഇസ്രായീൽ സന്തതികളെ രക്ഷപ്പെടുത്തുകയും ചെയ്ത സന്ദർഭം. അല്ലാഹു അവർക്കാ യി കടൽ പിളർന്നു കൊടുത്തു. അവർ അടിമകളാക്കപ്പെട്ടവരും അടിച്ചമർ ത്തപ്പെട്ടവരുമായിരുന്നതിന് ശേഷം, അവർക്ക് വിജയവും സുരക്ഷിതത്വ വും അധികാരവും കൈവന്നു. അക്രമവും പീഡനവും അനീതിയും എത്ര തന്നെ കഠിനമായാലും നീണ്ടുനിന്നാലും, അല്ലാഹുവിന്റെ സഹായം അവന്റെ ഇഷ്ടദാസന്മാർക്ക് തന്നെയുണ്ടാകും എന്ന പരിസമാപ്തി നാം മനസ്സിലാക്കാൻ വേണ്ടിയാണിത്. അക്രമികളായ ഏകാധിപതികളുടെ വഴിയിൽ സഞ്ചരിക്കുന്ന ഏവർക്കും എത്ര വലിയ ഗുണപാഠമാണത്! അല്ലാഹുവിന്റെ ശിക്ഷാവാഗ്ദാനം കുറച്ചുകാലത്തിന് ശേഷമാണെങ്കിലും അവനെ പിടികൂടുക തന്നെ ചെയ്യും. അതിനാൽ ഹിജ്റ സംഭവവും ആശൂ റാഅ് ദിനവും ശാശ്വതമായ വിജയത്തിന്റെ ദിനങ്ങളായി എണ്ണപ്പെടുന്നു. വിശ്വാസികളുടെ കണ്ണുകൾ അത് കണ്ട് കുളിരണിമട്ടെ! അക്രമികളും അസത്യത്തിന്റെ പ്രചാരകരും സമയം വൈകുന്നതിന് മുൻപ് തങ്ങളുടെ ദുർമാർഗ്ഗത്തിൽ നിന്ന് പിന്തിരിയട്ടെ!

{ إِنَّ فِي ذَٰلِكَ لَذِكْرَىٰ لِمَن كَانَ لَهُ قَلْبٌ أَوْ أَلْقَى السَّمْعَ وَهُوَ شَهِيدٌ} [ق: 37].

"തീർച്ചയായും അതിൽ ചിന്തിക്കുന്ന ഹൃദയമുള്ളവന് അല്ലെങ്കിൽ സാന്നി ധ്യത്തോടെ ശ്രദ്ധിച്ചു കേൾക്കുന്നവന് വലിയൊരു ഓർമ്മപ്പെടുത്തലുണ്ട്." *(സൂറത്ത് ഖാഫ്: 37)*

മുഹറം മാസത്തിലെ നോമ്പും ആശൂറാഅ് ദിനത്തിന്റെ പുണ്യവും

أَيُّهَا الْمُؤْمِنُونَ : وَمِنْ أَعْمَالِ شَهْرِ اللهِ الْمُحرَّمِ: استِحْبَابُ الْإِكْثَارِ فِيهِ مِنَ الصِّيَامِ؛

സത്യവിശ്വാസികളേ: അല്ലാഹുവിന്റെ മാസമായ മുഹററമിലെ പുണ്യ കർമ്മങ്ങളിൽപെട്ടതാണ് അതിൽ നോമ്പുകൾ അധികരിപ്പിക്കുക

فَعَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «أَفْضَلُ الصِّيَامِ بَعْدَ رَمَضَانَ شَهْرُ اللهِ الْمُحَرَّمِ» [أَخرَجَهُ مُسْلِمٌ].

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: **"റമദാനിന് ശേഷം നോമ്പുകളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമാ യത് അല്ലാഹുവിന്റെ മാസമായ മുഹററം മാസത്തിലെ നോമ്പാകുന്നു."** *(ഇമാം മുസ്‌ലിം ഉദ്ധരിച്ചത്).*

وَلَا سِيَّمَا يَوْمِ الْعَاشِرِ، فَصِيَامُهُ مُكفِّرٌ لِخَطَايَا عَامٍ كَامِلٍ غَابِرٍ،

പ്രത്യേകിച്ച് പത്താമത്തെ ദിവസമായ ആശൂറാഅ് ദിനത്തിലെ നോമ്പ്; അതിന്റെ നോമ്പ് കഴിഞ്ഞുപോയ ഒരു വർഷത്തെ മുഴുവൻ പാപങ്ങ ളെയും മായ്ച്ചുകളയുന്നതാണ്.

فَعَنْ أَبِي قَتَادَةَ رَضِيَ اللهُ عَنْهُ أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ سُئِلَ عَنْ صِيَامِ يَوْمِ عَاشُورَاءَ فَقَالَ: «أَحْتَسِبُ عَلَى اللهِ أَنْ يُكَفِّرَ السَّنَةَ الَّتِي قَبلَه» [أخرَجَهُ مُسْلِمٌ].

അബൂഖതാദ (റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ യോട് ആശൂറാഅ് ദിവസത്തെ നോമ്പിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടു ന്ന് പറഞ്ഞു: "അതിന് മുൻപുള്ള ഒരു വർഷത്തെ പാപങ്ങൾ അല്ലാഹു പൊറുത്തുതരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു." *(ഇമാം മുസ്‌ലിം ഉദ്ധരിച്ചത്).*

وعزَمَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ عَلَى صَوْمِ يَوْمٍ قَبْلَهِ مُخَالَفَةً لِأَهْلِ الْكِتَابِ، وَاسْتِزَادَةً مِنَ الْخَيْرِ وَالثَّوَابِ؛

വേദക്കാരോട് (അഹ്ലുൽ കിതാബിനോട്) വിയോജിക്കുന്നതിനും നന്മയും പ്രതിഫലവും വർദ്ധിപ്പിക്കുന്നതിനുമായി അതിന് തൊട്ടുമു മ്പുള്ള ദിവസം (താസൂആഅ് - ഒമ്പതാം ദിവസം) കൂടി നോൽക്കാൻ പ്രവാചകൻ ﷺ തീരുമാ നിച്ചിരുന്നു.

فَقَالَ صَلَّى اللهُ عَلَيْهِ وَسَلَّمَ : «لَئِنْ بَقِيتُ إِلَى قَابِلٍ لَأَصُومَنَّ التَّاسِعَ» [أخرَجَهُ مُسْلِمٌ مِنْ حَدِيثِ ابْنِ عَبَّاسٍ رَضِيَ اللهُ عَنْهُمَا].

നബി ﷺ പറഞ്ഞു: "അടുത്ത വർഷം വരെ ഞാൻ ജീവിച്ചിരിക്കുകയാണെ ങ്കിൽ തീർച്ചയായും ഒൻപതാമത്തെ ദിവസവും ഞാൻ നോമ്പനുഷ്ഠിക്കുന്നതാണ്." *(ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് ഇമാം മുസ്‌ലിം ഉദ്ധരിച്ചത്).*

ആരാധനകളിലൂടെ പുതുവർഷത്തെ വരവേൽക്കൽ

فَاسْتَجِيبُوا -أَيُّهَا المُوَفَّقُونَ- لِدَعْوَةِ نَبِيِّكُمْ صَلَّى اللهُ عَلَيْهِ وَسَلَّمَ، وَبَادِرُوا بِصَوْمِ هَذَيْنِ الْيَوْمَينِ طَلَبًا لِمَرْضَاةِ رَبِّكُمْ، فَيَا لَهُ مِنْ عَمَلٍ قَلِيلٍ، رُتِّبَ عَلَيْهِ ثَوَابٌ جَزِيلٌ. فَالْكَيِّسُ مَنِ اسْتَغَلَّ الْمَوَاسِمَ بِفِعْلِ الْخَيْرَاتِ، وَبَدَأَ عَامَهُ الْجَدِيدَ بِصَالِحِ الْقُرُبَاتِ وَالطَّاعَاتِ، وَالْفَوزِ بِمَعَالِي الدَّرَجَاتِ.

അതിനാൽ ഭാഗ്യവാന്മാരായ വിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ പ്രവാ ചകൻ ﷺ യുടെ ആഹ്വാനം സ്വീകരിക്കുക. നിങ്ങളുടെ രക്ഷിതാവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ഈരണ്ട് ദിവസങ്ങളിൽ (ഒൻപതും പത്തും) നോമ്പെടുക്കാൻ നിങ്ങൾ മുന്നോട്ട് വരിക. എത്ര ചെറിയൊരു കർമ്മം, എന്നാൽ അതിന് നിശ്ചയിക്കപ്പെട്ട പ്രതിഫലമോ വളരെ വലുത്! നന്മകൾ ചെയ്യാനുള്ള ഇത്തരം സുവർണ്ണാവസരങ്ങളെ ഉപയോഗപ്പെടുത്തുകയും, തന്റെ പുതുവർഷത്തെ പുണ്യകർമ്മങ്ങൾ കൊണ്ടും അനുസരണങ്ങൾ കൊണ്ടും ആരംഭിക്കുകയും, ഉന്നതമായ പദവികൾ നേടിയെടുക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ ബുദ്ധിമാൻ.

നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലാനുള്ള കൽപന

هَذَا، وَاعْلَمُوا –رَحِمَكُمُ اللهُ- أَنَّ مِنْ أَفْضَلِ الْأَعْمَالِ أَجْرًا؛ كَثْرَةَ صَلَاتِكُمْ وَسَلَامِكُمْ عَلَى أَفْضَلِ وَلَدِ آدَمَ ذِكْرًا وَقَدْرًا، صَاحِبِ الْآيَاتِ وَالْبَيِّنَاتِ، وَالشَّمَائِلِ الْبَاهِرَاتِ، فَقَدْ أَمَرَكُمْ بِذَلِكَ رَبُّكُمْ، فَقَالَ تَعَالَى قَوْلًا كَرِيمًا:

അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ, നിങ്ങൾ അറിയുക: പ്രതിഫലത്തിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായ കർമ്മങ്ങളിൽ ഒന്നാണ് ആദരവിലും പദവി യിലും ആദം സന്തതികളിൽ ഏറ്റവും ഉത്തമനായ പ്രവാചകന്റെ മേൽ നിങ്ങൾ സ്വലാത്തും സലാമും അധികരിപ്പിക്കുക എന്നത്. തെളിവുകളുടെ യും അത്ഭുതങ്ങളുടെയും ഉത്കൃഷ്ട സ്വഭാവങ്ങളുടെയും ഉടമയാണദ്ദേഹം. നിങ്ങളുടെ രക്ഷിതാവ് അത് ചെയ്യാൻ നിങ്ങളോട് കൽപിച്ചിരിക്കുന്നു;

{ إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَاأَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا} [الأحزاب: 56].

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും പ്രവാചകന്റെ മേൽ സ്വലാത്ത് ചൊല്ലുന്നു. ഓ സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ സ്വലാത്ത് ചൊല്ലുകയും പൂർണ്ണമായി സലാം അർപ്പിക്കുകയും ചെയ്യുക." *(സൂറത്തുൽ അഹ്സാബ്: 56)*

പ്രാർത്ഥന (الدُّعَاء)

اللَّهُمَّ صَلِّ عَلَيْهِ وَعَلَى آلِهِ وَصَحْبِهِ أَجْمَعِينَ، اللَّهُمَّ اغْفِرْ لِلْمُسْلِمِينَ وَالْمُسْلِمَاتِ؛ الْأَحْيَاءِ مِنْهُمْ وَالْأَمْوَاتِ، رَبَّنَا ارْفَعْ عَنَّا الْبَلَاءَ وَالْوَبَاءَ، وَالضَّرَّاءَ وَالْبَأْسَاءَ، وَأَدِمْ عَلَيْنَا النِّعَمَ، وَادْفَعْ عَنَّا النِّقَمَ، وَزَكِّ نُفُوسَنَا أَنْتَ خَيْرُ مَنْ زَكَّاهَا، رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ، اللَّهُمَّ احْفَظِ الْكُوَيْتَ وَأَهْلَهَا مِنْ كُلِّ شَرٍّ وَمَكْرُوهٍ، وَاجْعَلْ هَذَا الْبَلَدَ آمِنًا مُطْمَئِنًّا وَسَائِرَ بِلَادِ الْمُسْلِمِينَ، وَثَبِّتِ الْأَرْضَ تَحْتَ أَقْدَامِهِمْ، اللَّهُمَّ وَفِّقْ أَمِيرَنَا وَوَلِيَّ عَهْدِهِ لِمَا تُحِبُّ وَتَرْضَى، وَخُذْ بِنَوَاصِيهِمَا لِلْبِرِّ وَالتَّقْوَى، وَآخِرُ دَعْوَانَا أَنِ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ.

അല്ലാഹുവേ, അവിടുത്തെയും അവിടുത്തെ കുടുംബത്തെയും എല്ലാ അനു ചരന്മാരെയും നീ അനുഗ്രഹിക്കേണമേ. അല്ലാഹുവേ, ജീവിച്ചി രിക്കുന്നവ രും മരണപ്പെട്ടവരുമായ എല്ലാ മുസ്ലിം പുരുഷന്മാർക്കും സ്ത്രീകൾക്കും നീ പാപമോചനം നൽകേണമേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് പരീ ക്ഷണങ്ങളെയും പകർച്ചവ്യാധികളെയും കഷ്ടപ്പാടുകളെയും ബുദ്ധിമുട്ടുക ളെയും നീ നീക്കിത്തരേണമേ. ഞങ്ങൾക്ക് അനുഗ്രഹങ്ങൾ നിലനിർത്തിത്ത രികയും ശിക്ഷകളെ തടുക്കുകയും ചെയ്യേണമേ. ഞങ്ങളുടെ ആത്മാക്കളെ നീ പരിശുദ്ധമാക്കേണമേ, നീയാണ് അതിനെ ഏറ്റവും നന്നായി പരിശുദ്ധമാ ക്കുന്നവൻ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്തിൽ നന്മ നൽകേണമേ, പരലോകത്തിലും നന്മ നൽകേണമേ, നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കേണമേ.

അല്ലാഹുവേ, കുവൈത്തിനെയും അതിന്റെ ജനങ്ങളെയും എല്ലാ തിന്മ കളിൽ നിന്നും ദോഷങ്ങളിൽ നിന്നും നീ കാത്തുരക്ഷിക്കേണമേ. ഈ നാടിനെ യും മറ്റെല്ലാ

മുസ്ലിം നാടുകളെയും സുരക്ഷിതവും സമാധാനപൂർണ്ണവുമാ ക്കേണമേ; അവരുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തേണമേ. അല്ലാഹുവേ, ഞങ്ങളുടെ അമീറിനും അദ്ദേഹത്തിന്റെ വലിയ്യുൽ അഹ്ദിനും (കിരീടാ വകാശി) നീ ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ കാര്യങ്ങൾ ചെയ്യാൻ തൗഫീഖ് നൽകേണമേ. നന്മയിലേക്കും തഖ്‌വയിലേക്കും അവരുടെ കൈപ്പി ടിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനയുടെ അവസാനം സർവ്വലോക രക്ഷിതാ വായ അല്ലാഹുവിനാണ് സർവ്വ സ്തുതിയും എന്നതാണ്.

لجنة إعداد الخطبة النموذجية لصلاة الجمعة

(വെള്ളിയാഴ്ച നമസ്കാരത്തിനായുള്ള മാതൃകാ ഖുതുബ തയ്യാറാക്കുന്ന സമിതി).